The Heavenly Light Ministry

ഒന്നുമില്ലായ്കയിൽ നിന്നെന്നെ
നിന്നുടെ ഛായയിൽ സൃഷ്ടിച്ചു
നിത്യമായ് സ്നേഹിച്ചെന്നെ നിന്റെ
പുത്രനെ തന്നു രക്ഷിച്ചു നീ
നിൻ മഹാ കൃപയ്ക്കായ് നിന്നെ ഞാൻ സ്തുതിച്ചീടുമെന്നും (02)

ഈ ലോകത്തിൽ വന്നേശു എന്റെ
മാലൊഴിപ്പാൻ സഹിച്ച ബഹു
പീഡകൾ സങ്കടങ്ങൾ പങ്ക
പ്പാടുകൾ നീചമരണവും ... നിൻമഹാ

മോചനം വീണ്ടും ജനനവും
നീചപാപി എന്നിൽ വസിപ്പാൻ
നിന്നാത്മാവിന്റെ ദാനവും നീ
തന്നു സ്വർഗ്ഗാനുഗ്രഹങ്ങളും ... നിൻമഹാ

അന്ന വസ്ത്രാദി നന്മകളെ
എണ്ണമില്ലാതെൻമേൽ ചൊരിഞ്ഞു
തിന്മകൾ സർവ്വത്തിൽ നിന്നെന്നെ
കൺമണി പോലെ കാക്കുന്നു നീ ... നിൻമഹാ

നാശം ഇല്ലാത്തവകാശവും
യേശുവിൻ ഭാഗ്യസന്നിധിയും
നീതിയിൻ വാടാമുടിയതും
നിൻമക്കൾക്കു സ്വർഗ്ഗേ ലഭിക്കും ... നിൻമഹാ